(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2011-12-ൽ ആകെ 600 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 559 ലക്ഷം രൂപ ചെലവാക്കി. 41 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. ചെലവഴിച്ച ശതമാനം 93.17 ശതമാനമ്പർ 2012-13-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 3 ലക്ഷം രൂപ ചെലവാക്കി. 1197 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. 2013-14-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 118 ലക്ഷം രൂപ ചെലവാക്കി. 1082 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. ചെലവഴിച്ച ശതമാനം 9.83 ശതമാനമ്പർ 2014-15-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ടി തുക സർക്കാരിൽ നിന്നും കമ്പനി വാങ്ങുകയുണ്ടായില്ല. 2015-16-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഇതുവരെ തുകയൊന്നും കമ്പനി വാങ്ങിയിട്ടില്ല. ഇപ്രകാരം മൊത്തം 30 കോടിരൂപ കൈപ്പറ്റിയതിൽ 6.80 കോടിരൂപ ചെലവാക്കി. അതായത് 22.67 ശതമാനമ്പർ ബാക്കി 23.20 കോടിരൂപ ടഷറിയിൽ ഉണ്ട്. വർക്ക് ഓർഡർ നൽകി നടന്നുവരുന്ന പണികൾക്ക് 820 ലക്ഷം രൂപ ആവശ്യമായിവരും.

(സി) തുകകൾ ഒന്നും വക മാറ്റി ചെലവഴിച്ചിട്ടില്ല.

തീരദേശ കപ്പൽ ഗതാഗത പദ്ധതി

261 (238) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തീരദേശ കപ്പൽ ഗതാഗതം നടപ്പാക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കുഗതാഗതത്തിന്റെ 15 ശതമാനം 2015-ഓടുകൂടിയും 40 ശതമാനം 2020-ഓടെയും 50 ശതമാനം 2030-ഓടുകൂടിയും തീരദേശക്കപ്പൽ ഗതാഗതം വഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 09-11-2013-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തീരദേശ ചരക്കു ഗതാഗതത്തിന് ഉതകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. തീരദേശക്കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യവികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടിരൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. ഡ്രഡ്ജറിന്റെ കമ്മീഷനിംഗ് അവസാനഘട്ടത്തിലാണ്.

GPM. 2/237/2020-100

കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം ഇറമുഖത്ത് മൊബൈൽ ക്രെയിനും വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകളും വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം ഇറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ച് മാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ കമ്മീഷൻ ചെയ്തു. ഇവയുടെ നിർമ്മാണത്തിന് 9 കോടിരൂപയോളം ചെലവായി. 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം ഇറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ ഇറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യമാംസാദികൾ, പച്ചക്കറികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാട് കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ ഇറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ഇറമുഖത്തിന്റെ ആഴം 9 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

എസ്.ഐ. നിയമനം

262 (239) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ എസ്.ഐ.(ജി.ഇ) തസ്തികയിലേക്ക് 2015 നവംബർ 11-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയോ എന്ന് അറിയിക്കാമോ ;

(ബി) നിയമനം നൽകിയിട്ടില്ലെങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ നിയമനം എപ്പോൾ ആകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികളിൽ ആദ്യത്തെ 84 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly